ശ്രീ. ജോസഫ് മുണ്ടശ്ശേരി : റൂൾ അനുസരിച്ച് അങ്ങനെ മറുപടി കാണിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് അക്കാര്യം പരിശോധിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അവരെ പ്രൊമോട്ടുചെയ്തതിൽനിന്നും റിവർട്ടുചെയ്യാൻ വല്ല ഓർഡറും അയച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

Presentation of Report.

Shri T. C. Narayanan Nambiar : Sir, I present the Thirteenth Report of the Estimates Committee (1959-60) on the action taken by the Government on the recommendations contained in the Fourth Report of the Committee on State Aided Industrial Undertakings.

9 A. M.

(1957-58)

Point of Order.

Placing of copies of Answers to Questions in the Library.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, സാധാരണയായി ചോദ്യം ചോദിക്കുമ്പോൾ നൽകുന്ന ഉത്തരങ്ങൾ ലൈബ്രറിയിൽ വയ്ക്കുന്ന പതിവുണ്ട്. എന്നാൽ ചില ചോദ്യങ്ങൾക്ക് അവിടെ ഉത്തരം വച്ചുകാണുന്നില്ല. ഇന്നലെ 16-ാം നമ്പർ ചോദ്യത്തിന് ധനകാര്യമന്ത്രി ഉത്തരം പറയുകയുണ്ടായി. ആ ഉത്തരം ഞാൻ ലൈബ്രറിയിൽചെന്ന് അന്വേഷിച്ചു. പത്തുമിനിട്ടിനു മുമ്പും അന്വേഷിക്കുകയുണ്ടായി. ഇതുവരെ ഉത്തരം അവിടെ വച്ചിട്ടില്ല. ഈ പതിവ് അവസാനിപ്പിക്കണമെന്നും എനിക്ക് അപേക്ഷയുണ്ട്. ഇവിടെ പറയുന്ന ഉത്തരങ്ങൾ ലൈബ്രറിയിൽ വയ്ക്കുവാൻ അങ്ങ് ദയവുചെയ്ത് ഏർപ്പാടു ചെയ്താൽ കൊള്ളാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു ശരിയാണ്. ചിലപ്പോൾ ഇവിടെ പറയുന്ന ഉത്തരങ്ങൾ ലൈബ്രറിയിൽ കൊണ്ടുവയ്ക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. ബഹുമാനപ്പെട്ട സഭാനേതാവ് അക്കാര്യത്തിൽ കുറെക്കൂടി ശ്രദ്ധിക്കണമെന്നു പറയേണ്ടിയിരിക്കുന്നു. സഭാതലത്തിൽ പറയുന്ന ഉത്തരത്തിന്റെ ഒരു പകർപ്പ് ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റിൽ ഏൽപ്പിക്കേണ്ടതുണ്ട്. ചിലപ്പോൾ അങ്ങനെ ചെയ്യുകാണുന്നില്ല. ഉത്തരം പറഞ്ഞ ഉടൻതന്നെ ഫയൽ സെക്ഷനിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ഈ തകരാറുകൾ സംഭവിക്കുന്നത്. മേലാൽ അതിന്റെ ഒരു കോപ്പി ഉത്തരം പറയുന്നതോടൊപ്പം ഈ ആഫീസിൽ ഏല്പിക്കുന്നപക്ഷം ലൈബ്രറിയിൽ വയ്ക്കാൻ ഏർപ്പാടുചെയ്യാം.

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) : ഇവിടെ പറയുന്ന ഉത്തരങ്ങളുടെ ഓരോ പ്രതി ലൈബ്രറിയിൽ വയ്ക്കുന്നതിനു കൂടി അയക്കുന്ന പതിവുണ്ട്. അങ്ങനെ അയയ്ക്കുന്നുണ്ടെന്നാണ് ഗവണ്മെന്റിന്റെ ധാരണ. ചിലപ്പോൾ അയക്കാറില്ലെന്നുള്ള വിവരം ഇതുവരെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. മേലാൽ തീർച്ചയായും അങ്ങനെ വരാതിരിക്കാൻ ശ്രദ്ധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly